**മ്യാന്മാര് സ്ററ്റേറ് കൌണ്സിലര് ഔദ്യോഗികമായി ഇന്ത്യ സന്ദര്ശിക്കുന്നു ( ഒക്ടോബര് 17-19, 2016)**

ഒക്ടോബര് 12, 2016

റിപ്പബ്ലിക് ഓഫ് ദി യൂണിയന് ഓഫ് മ്യാന്മാറിലെ സ്ററ്റേറ് കൌണ്സിലര് ഹരെ എക്സലന്സി ദോ ആംഗ് സാന് സു കി , ഒക്ടോബര് 17-19,2016 തീയതികളില് ഔദ്യോഗിക സന്ദര്ശനത്തിന് ഇന്ത്യയിലെത്തുന്നു, പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണം സ്വീകരിച്ചാണ് സന്ദര്ശനം . ഗോവയില് ഒക്ടോബര് 16 നു നടക്കുന്ന ബ്രിക്സ് -ബിംസ്ടെക് ഔട്ട് റീച്ച് ഉച്ചകോടി BRICS-BIMSTEC Outreach Summit ) അവസാനിക്കുന്നതിന് തൊട്ട് പിന്നാലെ ആണ് ഔദ്യോഗിക സന്ദര്ശനം .സ്ററ്റേറ് കൌണ്സിലര് ആയിരിയ്ക്കും ഉച്ചകോടിയിലെ മ്യാന്മാര് പ്രതിനിധി സംഘത്തെ നയിക്കുക

പ്രധാന വകുപ്പ് മന്ത്രിമാരും മുതിര്ന്ന ഉദ്യോഗസ്ഥരും സ്ററ്റേറ് കൌണ്സിലറെ അനുഗമിക്കുന്നുണ്ട് . സന്ദര്ശനത്തോട് അനുബന്ധിച്ച് ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ പ്രണബ് മുഖര്ജിയുമായി സ്ററ്റേറ് കൌണ്സിലര് കൂടിക്കാഴ്ച നടത്തും , അവര് , പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി, കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീമതി സുഷമ സ്വരാജ് എന്നിവരുമായി ചര്ച്ചകള് നടത്തും . ഒരു ബിസിനസ് ചടങ്ങിലും അവര് പങ്കെടുക്കുകയും ഉഭയകക്ഷി സാമ്പത്തിക, വ്യാവസായിക ബന്ധങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമായ മാര്ഗങ്ങളെ കുറിച്ച് പ്രമുഖരായ ഇന്ത്യന് ബിസിനസ് നതോക്കളുമായി അവര് ചര്ച്ചകള് നടത്തുകയും ചെയ്യും .

പരസ്പരം താത്പര്യമുള്ള പ്രശ്നങ്ങള് ചര്ച്ച ചെയ്യുക, ഇരു രാജ്യങ്ങള്ക്കുമിടയില് നിലനില്ക്കുന്ന വളരെ അടുപ്പമുള്ളതും ശക്തവുമായ ബന്ധങ്ങള് കൂടുതല് ബലപ്പെടുത്തുവാന് വഴികള് അന്വഷേിക്കുവാനുള്ള അവസരം എന്നിവയാണ് സ്ററ്റേറ് കൌണ്സിലരുടെ സന്ദര്ശനം വഴി ലഭിക്കുക

ന്യൂഡല്‍ഹി
ഒക്‌ടോബര്‍ 12, 2016